# മുഖപ്രസംഗങ്ങൾ

കേരളകൗമുദി

കേരള കൗമുദി, 2007 ആഗസ്ത് 9 വ്യാഴം

## വാളയാർ മാതൃക വ്യാപിപ്പിക്കണം

*വാളയാറിലെ വാണിജ്യനികുതി ചെക്ക്പോസ്റ്റ് മുഖ്യമന്ത്രി വി.എസ്.അച്യുതാനന്ദൻ അഴിമതിരഹിത ചെക്ക്പോസ്റ്റായി പ്രഖ്യാപിച്ചു എന്ന വാർത്ത ആരെയും പുളകമണിയിക്കാൻ പോന്നതാണ്. വാളയാറിലെ അഴിമതിക്ക് ഇന്നലെ വരെ ലഭിച്ചിരുന്ന സർക്കാർതല അംഗീകാരവും പരിഗണനയും ഈ പ്രഖ്യാപനത്തോടെ അവസാനിച്ചു എന്നു കരുതാം. അന്യദേശങ്ങളിൽനിന്നു സംസ്ഥാനത്തേക്കുവരുന്ന ചരക്കുകളുടെ മൂന്നിലൊരു ഭാഗവും വാളയാർ വഴിയാണ് എത്തുന്നത്. വാളയാറിലെ അഴിമതിയെക്കുറിച്ചും മാമൂലുകളെക്കുറിച്ചും അറിയാത്തവർ അന്യദേശത്തുമാത്രമല്ല കേരളത്തിലും കുറവായിരിക്കും. വാണിജ്യനികുതി വഴി സംസ്ഥാന സർക്കാരിന് ലഭിച്ചുകൊണ്ടിരുന്നതുപോലെ കനത്ത തോതിൽ കൈക്കൂലി അവിടെ ഡ്യൂട്ടിയിലുള്ള ഉദ്യോഗസ്ഥന്മാർക്കും അവരെചുറ്റിപ്പറ്റി കാലയാപനം നടത്തുന്ന അസംഖ്യം ഏജന്റുമാർക്കും കിട്ടിക്കൊണ്ടിരുന്നു. വാളയാറിലേക്ക് ഒരു സ്ഥലം മാറ്റംകിട്ടാൻ ഉദ്യോഗസ്ഥന്മാർ മുടക്കേണ്ടിയിരുന്നത് ലക്ഷങ്ങളായിരുന്നുവെന്നത് പരസ്യമായ രഹസ്യമായിരുന്നു. അതിന്റെ വിഹിതങ്ങൾ എവിടെയെല്ലാം ചെന്നെത്തിയിരുന്നു എന്നും എല്ലാവർക്കും അറിയാം. മിന്നൽ പരിശോധനകൾക്കുപോലും ഒന്നും കണ്ടെത്താനാവാത്തവിധം സുസംഘടിതമായ തീവെട്ടിക്കൊള്ളകളാണ് വാളയാർ ഉൾപ്പെടെയുള്ള ചെക്ക്പോസ്റ്റകളിൽ ദിവസവും അരങ്ങേറുന്നത്. അതിന് തടയിടാൻ ഒരു ഗവൺമെന്റിനും ഇതുവരെ കഴിഞ്ഞിരുന്നുമില്ല.*

*ഏതായാലും ചെക്ക്പോസ്റ്റുകൾ ആധുനികവത്ക്കരിച്ച് അഴിമതി വിമുക്തമാക്കാൻ നടപടി തുടങ്ങിയത് ചരക്കുനീക്കവുമായി ബന്ധപ്പെട്ട സകലർക്കും അനുഗ്രഹമാണ്. തുടക്കം വാളയാറിലാണെങ്കിലും താമസിയാതെ മറ്റ് ചെക്ക്പോസ്റ്റുകളിലേക്കും അത് വ്യാപിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. സുഗമമായ നികുതിപിരിവിനും ചരക്കുവണ്ടികളുടെ ദ്രുതഗതിയിലുള്ള നീക്കത്തിനും വാളയാറിൽ ഏർപ്പെടുത്തിയിട്ടുള്ള ആധുനിക സജ്ജീകരണങ്ങൾ ഉപകരിക്കും. കുറ്റമറ്റ നിലയിൽ പ്രവർത്തിക്കുകയാണെങ്കിൽ വളരെവേഗം വാളയാറിന്റെ പഴയ ദുഷ്പേര് മാറ്റിയെടുക്കാനും കഴിയും. മതിയായ രേഖകളോടെ എത്തുന്ന ചരക്ക്ലോറികൾക്ക് രണ്ട് മണിക്കൂറിലധികം കാത്തുനിൽക്കേണ്ടിവരില്ലെന്നാണ് സർക്കാർ വാഗ്ദാനം. പന്ത്രണ്ട് കംപ്യൂട്ടർവത്കൃതകൗണ്ടറുകൾ, ഗ്രീൻചാനൽ, ഡി.വൈ.എസ്.പിയുടെ കീഴിൽ പ്രവർത്തിക്കുന്ന 75 അംഗ പോലീസ് വിഭാഗം, പ്രത്യേക പരിശീലനം സിദ്ധിച്ച 250 നികുതി വകുപ്പ് ഉദ്യോഗസ്ഥർ, പാർക്കിംഗിനും ഡ്രൈവർമാർക്ക് വിശ്രമിക്കാനുമുള്ള സൗകര്യങ്ങൾ തുടങ്ങി ഒട്ടേറെ സംവിധാനങ്ങളോടെയാണ് വാളയാർ ഒരുങ്ങിയിരിക്കുന്നത്. വണ്ടിയുടെ രേഖകൾക്കുള്ളിൽ നോട്ടുകൾ വെച്ചുകൊടുക്കുന്ന മാമൂൽരീതി ഇനി അവിടെ നടപ്പില്ലെന്ന് ധനമന്ത്രി ശ്രീ.തോമസ് ഐസക് ഉദ്ഘാടനച്ചടങ്ങിൽ പറഞ്ഞത്. ആദ്യ ഒരാഴ്ച ഇത്തര*

ത്തിൽ പണംവച്ചു നീട്ടുന്നവർക്ക് അത് സൗമനസ്യത്തോടെ തിരിച്ചുനൽകും. അതിനുശേഷം മാമൂലുമായി എത്തുന്നവരെ പിടിച്ച് പോലീസിനെ ഏല്പിക്കും. മന്ത്രിയുടെ ഈ പ്രഖ്യാപനം അതിന്റെ എല്ലാ അർത്ഥത്തിലും സാർത്ഥകമാകട്ടെ എന്ന് ആശംസിക്കാം. എത്രയുംവേഗം മറ്റുള്ള ചെക്ക്പോസ്റ്റുകളും അഴിമതി വിമുക്തമാകട്ടെ എന്നും പ്രാർത്ഥിക്കുകയും ചെയ്യാം.

സദുദ്ദേശത്തോടെ തുടങ്ങുന്ന ഏത് നല്ല കാര്യവും അല്പകാലം കഴിയുമ്പോൾ പഴയ അഴുക്കുചാലിലേക്ക് തന്നെ വീണുപോകുന്നതാണ് ഇവിടത്തെപതിവ്. ആർ.ടി ഓഫീസുകളിലെ കോഴയും മാമൂലും അവസാനിപ്പിക്കുന്നതിനും കൊട്ടും കുരവയോടുംകൂടി തുടങ്ങിയ നവീകരണ പദ്ധതിയുടെ ഗതി എന്തായെന്ന് ഇന്ന് ഏവർക്കുമറിയാം. ചെക്ക്പോസ്റ്റ് നവീകരണം ആ വഴിക്കാകാതിരിക്കാൻ വകുപ്പു മന്ത്രിയുടെ ഒരു കണ്ണ് സദാ അതിനുമേൽ ഉണ്ടാവണം.

ചെക്ക്പോസ്റ്റുകൾപോലെ ഭീകരമായ നിലയിൽ അഴിമതിയും മാമൂലും നിലനിൽക്കുന്ന സർക്കാർ സ്ഥാപനങ്ങൾ വേറെയുമുണ്ട്. സബ് രജിസ്ട്രാർ ഓഫീസുകൾ, വിവിധ തലങ്ങളിലുള്ള മറ്റ് റവന്യൂ ഓഫീസുകൾ, മോട്ടോർ വാഹന ഓഫീസുകൾ തുടങ്ങി അഴിമതിയും കൈക്കൂലിയും കൊടികുത്തിവാഴുന്ന ഇടങ്ങൾ അനവധിയാണ്. കംപ്യൂട്ടർവത്ക്കരണത്തിലൂടെയും സുതാര്യമായ നടപടികളിലൂടെയും ഈ ഓഫീസുകളിൽ അഴിമതി ഇല്ലാതാക്കുമെന്നൊക്കെ പറയാറുണ്ടെങ്കിലും ഒന്നും പ്രയോഗത്തിൽ വന്നുകാണാറില്ല. സ്ഥാനത്തും അസ്ഥാനത്തും എടുത്തുപയോഗിച്ച് സുതാര്യത എന്ന വാക്കിനുപോലും അർത്ഥഭേദം വന്നുകഴിഞ്ഞു. സർക്കാരിന്റെ എല്ലാ വകുപ്പുകളും അഴിമതി മുക്തമാക്കുകയെന്നതാണ് ലക്ഷ്യമെന്ന് മുഖ്യമന്ത്രി ശ്രീ.അച്യുതാനന്ദൻ വാളയാറിൽ പറയുകയുണ്ടായി. ജനങ്ങൾ ആഗ്രഹിക്കുന്നതും അതുതന്നെയാണ്. അഴിമതി ഇല്ലാതാകണമെങ്കിൽ അതിന് വഴിവയ്ക്കുന്ന സാഹചര്യങ്ങൾ ഇല്ലാതാക്കുകയാണ് ആദ്യം വേണ്ടത്. അനാവശ്യമായ നിയന്ത്രണങ്ങളും കാലതാമസവും അഴിമതിയെ വളർത്തുന്ന ഘടകങ്ങളാണ്. നിയമങ്ങളും ചട്ടങ്ങളും കൂടുതൽ മനുഷ്യപ്പറ്റുള്ളതാണെങ്കിൽ അഴിമതി അത്രകണ്ട് കുറയും. അതുകൊണ്ട് അഴിമതി നിർമ്മാർജ്ജന നടപടികളെക്കുറിച്ചാലോചിക്കുമ്പോൾ അഴിമതിയുടെ സ്രോതസ്സുകൾ അടയ്ക്കുന്നതിനാണ് പ്രഥമ പരിഗണന നൽകേണ്ടത്.

**മാതൃഭൂമി 2007 ആഗസ്ത് 8**

## മാതൃകാപരമായ പദ്ധതി

വാളയാറിലെ വാണിജ്യനികുതി ചെക്ക്പോസ്റ്റ് ആധുനീകരിക്കാനും അഴിമതിരഹിതമാക്കാനുമുള്ള പരിപാടി തികച്ചും സ്വാഗതാർഹമാണ്. കേരളത്തിലേക്കുള്ള ചരക്കുവാഹനങ്ങളുടെ മൂന്നിലൊന്നും ആ ചെക്ക്പോസ്റ്റുവഴിയാണ് കടന്നുവരുന്നത്. അവിടത്തെ അധികൃതരടക്കമുള്ളവർ ചുതമലകൾ അർപ്പണബോധത്തോടെ നിറവേറ്റിയില്ലെങ്കിലുള്ള സ്ഥിതി ഊഹിക്കാവുന്നതേയുള്ളൂ. വാളയാർ അടക്കമുള്ള ചെക്ക്പോസ്റ്റുകൾകേന്ദ്രീകരിച്ച് അഴിമതി നടക്കുന്നുണ്ടെന്ന ആക്ഷേപം ഉയരാൻ തുടങ്ങിയിട്ട് ഏറെക്കാലമായി. ഉദ്യോഗസ്ഥരും ഏജന്റുമാരും ഉൾപ്പെട്ട ഗൂഢസംഘങ്ങൾ ചെക്കുപോസ്റ്റുകൾ വഴി തട്ടിപ്പുകൾ നടത്തുന്നുണ്ട്. തങ്ങളോട് സഹകരിക്കുന്നവരെമാത്രം ചെക്ക്പോ

സ്റ്റുകളിൽ നിയമിച്ചുകിട്ടാൻ വിവിധ മാഫിയകൾ സമ്മർദ്ദം ചെലുത്താറുള്ളതായിപ്പോലും റിപ്പോർട്ടുണ്ടായിരുന്നു. ഉന്നതതലങ്ങളിലുള്ള അധികൃതരുടെ അനാസ്ഥ, ചെക്ക്പോസ്റ്റ് ജീവനക്കാരുടെ സ്ഥാപിത താത്പര്യങ്ങൾ, ചെക്ക്പോസ്റ്റുകളിലെ അസൗകര്യങ്ങൾ, പരിശോധയ്ക്കുള്ള കാലതാമസം തുടങ്ങിയവയെല്ലാം അഴിമതിക്കും കാരണമാകും.

പരിശോധനയടക്കമുള്ള നടപടികൾ സുതാര്യമാക്കിയാലേ അഴിമതിക്കുള്ള പഴുതുകൾ അടയ്ക്കാനാവൂ. വാളയാറിൽ അധികൃതർ ചെയ്യാനുദ്ദേശിക്കുന്നതും അതുതന്നെയാണ്. കാലതാമസം കുറയ്ക്കൽ, കംപ്യൂട്ടർവത്ക്കരണം, ട്രക്കുകൾക്ക് നിർബന്ധിത ക്യൂ, അനധികൃത ഏജന്റുമാർക്ക് നിരോധനം, ഗ്രീൻചാനൽ തുടങ്ങിയവ പരിഷ്ക്കാരങ്ങളിൽ ഉൾപ്പെടുന്നു. പരിഷ്ക്കരണത്തിന്റെ ഉദ്ദേശ്യമെന്തോ അതിനനുസരിച്ച് ജീവനക്കാർപ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താനും സർക്കാരിനു കഴിയണം. ആയുധങ്ങൾ, മയക്കുമരുന്ന് തുടങ്ങിയവയും പലരും കേരളത്തിലേക്ക് കടത്താൻ ശ്രമിക്കുന്നുണ്ട്. ചെക്ക്പോസ്റ്റുകൾ പലപ്രദങ്ങളല്ലെങ്കിൽ നികുതിയിനത്തിൽ വൻ നഷ്ടമുണ്ടാകുകയും സംസ്ഥാനത്തിന്റെ സുരക്ഷതന്നെ അപകടത്തിലാകുകയും ചെയ്യും. അതിനാൽ എല്ലാ ചെക്ക്പോസ്റ്റുകളും അഴിമതി വിമുക്തമാക്കാനുള്ള നടപടികൾ ആവശ്യമാണ്. ചില ചെക്കപോസ്റ്റുകൾക്കു സമീപം ഊടുവഴികളുള്ളതായും അവയിലൂടെ സാധനങ്ങൾ കേരളത്തിലേക്കും പുറത്തേക്കും കടത്തുന്നതായും റിപ്പോർട്ടുണ്ടായിരുന്നു. അത്തരം കള്ളക്കടത്തുകളും തടയാൻ കഴിയണം.




സിറാജ്
സിറാജ് 2007 ആഗസ്ത് 9 വ്യാഴം

## വാളയാർ മാതൃക മറ്റിടങ്ങളിലേക്കും

വാളയാർ ചെക്കുപോസ്റ്റിൽ തുടക്കമിട്ട പരിഷ്ക്കാരങ്ങൾ സ്വാഗതാർഹമാണ്. മുഖ്യമന്ത്രി ചൊവ്വാഴ്ച ഉദ്ഘാടനം ചെയ്ത `അഴിമതിരഹിത വാളയാർ പദ്ധതി' നികുതിവെട്ടിപ്പും കൈക്കൂലിയും തടഞ്ഞ് സംസ്ഥാനത്തിന്റെ വരുമാനം വർധിപ്പിക്കാൻ ഉതകിയേക്കാം. ചെക്കുപോസ്റ്റുകളിൽ അഴിമതിക്കാരായ ഉദ്യോഗസ്ഥരും ഇടനിലക്കാരും മാഫിയാ സംഘങ്ങളും അരങ്ങുവാഴുന്നതിനാൽ വാണിജ്യ നികുതിയിനത്തിൽ ലഭിക്കേണ്ട കോടികളാണ് കേരളത്തിന് നഷ്ടമാകുന്നത്. പ്രത്യേകിച്ച് വാളയാർ ചെക്കുപോസ്റ്റിലെ തിന്മകൾമൂലം വിൽപ്പന നികുതി മുഖ്യവരുമാന സ്രോതസ്സായ കേരളത്തിലേക്ക് ഇതര സംസ്ഥാനങ്ങളിൽനിന്ന് ചരക്കുമായെത്തുന്ന വാഹനങ്ങളിൽ മൂന്നിലൊന്നും വാളയാർ വഴിയാണ്. ചെക്കു പോസ്റ്റിൽ എല്ലാ രേഖകളും കാണിച്ചാലും `മാമൂൽ' കൊടുക്കാത്തതിനാൽ ചരക്കുവാഹനങ്ങൾക്ക് മണിക്കൂറുകളോളം ചിലപ്പോൾ ദിവസങ്ങൾതന്നെ കാത്തുകെട്ടിക്കിടക്കേണ്ടി വരുന്നു. നികുതിയാവശ്യമില്ലാത്ത സാധനങ്ങളുമായി വരുന്ന വണ്ടികൾക്കുമുണ്ട് ഈ ദുരവസ്ഥ. അതേസമയം കൈക്കൂലി കൊടുത്താൽ ഒരു പരിശോധനക്കും വിധേയമാകാതെ എളുപ്പത്തിൽ കടന്നെത്താം.

ഇങ്ങനെ വൻതോതിൽ നികുതി വെട്ടിപ്പു നടത്തുന്നത് ഇടനിലക്കാരെയും ഉദ്യോഗസ്ഥ

രെയും കൊഴിപ്പിക്കുമ്പോൾ പൊതുഖജനാവിനെ ശോഷിപ്പിക്കുകയാണ്. മാത്രമല്ല ചെക്കുപോസ്റ്റുകളിലെ `ഒത്തകളി' സംസ്ഥാനത്തിന്റെ സുരക്ഷക്കുതന്നെയും ഭീഷണിയായേക്കാം. പീഢനങ്ങൾമൂലം പല വാഹന ഉടമകളും വാളയാർവഴി ചരക്കു കൊണ്ടുവരാൻ മടിക്കുകയാണ്. ഇത്തരമൊരു സാഹചര്യത്തിലാണ് ഒരു ശുദ്ധീകരണത്തിനു സർക്കാർ മുതിർന്നത്.

അനിശ്ചിതമായ കാത്തുനിൽപ്പും ഏജൻസിമാരേയും ഒഴിവാക്കാനുദ്ദേശിച്ച് ചെക്ക്പോസ്റ്റിൽ കൂടുതൽ കൗണ്ടറുകൾ ആരംഭിക്കാനും ഉദ്യോഗസ്ഥരുടെ എണ്ണം കൂട്ടാനുമാണ് തീരുമാനം. അഴിമതി മൂടുറക്കാതിരിക്കാൻ നിലവിലെ ജീവനക്കാരെ മുഴുവൻ സ്ഥലം മാറ്റിക്കഴിഞ്ഞു. കാര്യാലയത്തിലേക്ക് ബന്ധപ്പെട്ട ഉദ്യോഗസർക്കും വാഹന തൊഴിലാളികൾക്കും മാത്രമേ മേലിൽ പ്രവേശനമുണ്ടാകൂ. ചെക്ക്പോസ്റ്റ് ആധുനികവത്ക്കരിക്കുന്നതോടെ പരിശോധനക്ക് വെറും 15 മിനിറ്റേ വേണ്ടിവരൂ എന്നാണ് ധനമന്ത്രി പറയുന്നത്. വാളയാർ മാതൃകയിൽ മറ്റ് ചെക്കുപോസ്റ്റുകളിലം മാറ്റങ്ങൽ അനിവാര്യമാണ്. ചോർച്ച കളടച്ച് വിൽപന നികുതി പിരിവിൽ വലിയ പുരോഗതിയുണ്ടാക്കിയ ഇടതു സർക്കാറിന്റെ ഇത്തരം ഗുണകരമായ നടപടികൾക്ക് എല്ലാവരുടേയും പിന്തുണയുണ്ടാകണം.



# ദേശാഭിമാനി

ESTABLISHED IN 1942

2007 ആഗസ്ത് 8 ബുധൻ

## വാളയാർ: ധീരമായ തുടക്കം

## വാളയാർ: ധീരമായ തുടക്കം

ഇന്നലെ മുഖ്യമന്ത്രി വി എസ് ഉദ്ഘാടനം ചെയ്ത അഴിമതിരഹിത വാളയാർ പദ്ധതി സംസ്ഥാനത്ത് ഗുണപരമായ മാറ്റങ്ങൾക്ക് തുടക്കം കുറിക്കുന്നതാണ്. മറ്റുസംസ്ഥാനങ്ങളിൽനിന്ന് കേരളത്തിലേക്കുള്ള ചരക്കു വാഹനങ്ങളുടെ മൂന്നിലൊന്നും കടന്നുവരുന്നത് വാളയാർ ചുരം വഴിയാണ്. സംസ്ഥാന വരുമാനത്തിന്റെ പ്രധാനഭാഗമായ വാണിജ്യ നികുതിയുടെ നല്ലൊരുപങ്കും ഇവിടത്തെ ചെക്ക്പോസ്റ്റ് വഴിയാണ് ഖജനാവിലേക്കെത്തുന്നത്. ഇവിടമൊന്നു കടന്നുകിട്ടുകയെന്നത് ചരക്കുവാഹനങ്ങളെ സംബന്ധിച്ചിടത്തോളം അങ്ങേയറ്റം ദുഷ്കരമായിരുന്നു. ന്യായമായ നികുതി അടച്ചാലും മണിക്കൂറുകൾ കാത്തുകെട്ടിക്കിടക്കേണ്ടിവരും. നികുതി ആവശ്യമില്ലാത്ത ചരക്കുകൾക്കും എളുപ്പത്തിൽ കടന്നുവരാനാവില്ല. ഇതുവഴി കടന്നുപോകുന്ന എല്ലാ വാഹനങ്ങൾക്കും നിശ്ചിത തുക മാമൂലായി നൽകണം. വെട്ടിപ്പു നടത്തുന്നവർ നൽകേണ്ട കൈക്കൂലി വേറെയാണ്. കള്ളപ്പണക്കാരും മാഫിയാസംഘവും ഉദ്യോഗസ്ഥവൃന്ദവുംചേർന്ന് സംസ്ഥാനത്തിനു ലഭിക്കേണ്ട കോടികളാണ് വെട്ടിച്ചിരുന്നത്. ഈ സമാന്തരസംവിധാനത്തെ കൈകാര്യം ചെയ്യാൻ ആരും ധൈര്യപ്പെട്ടിരുന്നില്ല. എല്ലാത്തിനും ഏജന്റുമാരുണ്ടായിരുന്നു. സത്യസന്ധരായ ഉദ്യോഗസ്ഥർക്ക് ഒരുതരത്തിലും

പ്രവർത്തിക്കാൻ കഴിയാത്ത സാഹചര്യമാണ് ഉണ്ടായിരുന്നത്.

എൽഡിഎഫ് സർക്കാർ അധികാരത്തിൽ വന്നശേഷം അഴിമതിക്കെതിരെ വിട്ടുവീഴ്ചയില്ലാത്ത നിലപാടാണ് സ്വീകരിച്ചത്. വാളയാർ ചെക്ക്പോസ്റ്റിലെ അനുഭവങ്ങൾ മാധ്യമങ്ങൾ പലപ്പോഴായി പുറത്തുകൊണ്ടുവന്നിരുന്നു. ധനമന്ത്രി തോമസ് ഐസക് പലതവണ വാളയാർ സന്ദർശിക്കുകയും അവിടത്തെ സ്ഥിതി വിലയിരുത്തുകയും അഴിമതി തടയുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വംനൽകുകയും ചെയ്തു. ഈ പ്രവർത്തനങ്ങളുടെ തുടർച്ചയിലാണ് ഇപ്പോൾ കൃത്യമായ ആസൂത്രണത്തോടെ പുതിയ പദ്ധതിക്ക് രൂപം നൽകിയിട്ടുള്ളത്. അഴിമതിക്ക് കളമൊരുക്കുന്ന സാഹചര്യം ഇല്ലാതാക്കുന്നതിനാണ് സർക്കാർ പ്രധാനമായും മുൻഗണന നൽകിയിട്ടുള്ളത്. മടുപ്പിക്കുന്ന കാത്തുനിൽക്കൽ അവസാനിപ്പിക്കുന്നതിന് കൗണ്ടറുകളുടെ എണ്ണം വർധിപ്പിച്ചിട്ടുണ്ട്. ആവശ്യത്തിന് ഉദ്യോഗസ്ഥരെ വിന്യസിച്ചിട്ടുണ്ട്. പ്രത്യേകമായ പരിശീലനം നൽകിയാണ് ഉദ്യോഗസ്ഥവൃന്ദത്തെ വിന്യസിച്ചിട്ടുള്ളത്. ചെക്ക്പോസ്റ്റ് ആധുനികവൽക്കരിക്കുന്നതോടെ പതിനഞ്ചുമിനിറ്റിനുള്ളിൽ പരിശോധന കഴിഞ്ഞ് പോകാൻ കഴിയുമെന്നാണ് ധനമന്ത്രി ഉദ്ഘാടനച്ചടങ്ങിൽ പറഞ്ഞത്. ഇപ്പോൾ അടിയന്തരമായി രണ്ടുമണിക്കൂറാണ് ലക്ഷ്യമിടുന്നത്. ഇന്നുമുതൽതന്നെ മാമൂൽ സമ്പ്രദായം അവസാനിപ്പിക്കുമെന്നാണ് അദ്ദേഹം പറഞ്ഞത്. ഇതിനായുള്ള ഉത്തരവാദിത്തം ഉയർന്ന ഉദ്യോഗസ്ഥന് പരസ്യമായി നൽകുകയും ചെയ്തു. പ്രധാനപ്പെട്ട സമയങ്ങളിൽ വൈദ്യുതി കളയുന്നത് സ്ഥിരം പരിപാടിയായിരുന്നു. ഇരുളിന്റെ മറവിലാണ് പല കാര്യങ്ങളും നടന്നിരുന്നത്. ഇത് അവസാനിപ്പിക്കുന്നതിന് മലബാർ സിമന്റ്സിൽനിന്ന് പ്രത്യേകം സംവിധാനം ഒരുക്കുന്നത് നന്നായി. ചെക്ക്പോസ്റ്റിൽ ഡ്യൂട്ടിയിലുള്ള ഉദ്യോഗസ്ഥരും വാഹനത്തിലെ ആളുകളും ഒഴികെ മറ്റാരെയും കൗണ്ടറിലേക്ക് കടത്തില്ലെന്ന തീരുമാനവു ഏജന്റുമാരെ നിയന്ത്രിക്കുന്നതിന് അത്യാവശ്യമാണ്. വാഹനത്തിലുള്ളവർക്ക് കൗണ്ടറിൽ പലതരത്തിലുള്ള സൗകര്യങ്ങളും ആവശ്യമായി വരും. അത് സർക്കാർതന്നെ ഔദ്യോഗികമായി ഒരുക്കുന്നത് പുതിയ മാതൃകയാണ്. ഹെൽപ്പ് ഡെസ്ക്കിന്റെ പ്രവർത്തനവും ഇന്നലെത്തന്നെ ആരംഭിച്ചിട്ടുണ്ട്. സാഹചര്യങ്ങളിൽ മാറ്റം വരുന്നതോടെതന്നെ അഴിമതി നടത്തുന്നതിനുള്ള പ്രവണതയ്ക്ക് സ്വാഭാവികമായ കുറവുണ്ടാകും. ഇവിടെ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്ക് പ്രത്യേകമായ പരിഗണന ആവശ്യമാണ്. സർക്കാർ താമസ സൗകര്യവും യാത്രാസൗകര്യവും നൽകുന്നത് നന്നായി. തങ്ങളെയും സർക്കാർ പരിഗണിക്കുന്നെന്ന ധാരണ ആത്മാർഥമായി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്കുണ്ടാകേണ്ടത് അത്യാവശ്യമാണ്.

സാമൂഹ്യമായ പരിശോധനയ്ക്ക് ഔദ്യോഗികമായി സംവിധാനമൊരുക്കിയത് വിപ്ലവകരമായ ഒന്നാണ്. ജനാധിപത്യസംവിധാനത്തിൽ ജനങ്ങളാണ് അധികാരികൾ. വോട്ടുചെയ്യുന്നതിന് അഞ്ചുവർഷത്തിലൊരിക്കൽ ലഭിക്കുന്ന അവസരത്തോടെ ജനാധിപത്യാവകാശം അവസാനിക്കുന്നില്ലെന്ന കാഴ്ചപ്പാടാണ് ഇടതുമുന്നണിക്കുള്ളത്. വാഹന ഉടമകളും വ്യാപാരിസംഘടനകളും ജനപ്രതിനിധികളുംചേർന്ന് കാര്യങ്ങൾ വിലയിരുത്തുന്ന നടപടി രാജ്യത്തുതന്നെ ആദ്യമായിട്ടായിരിക്കും. എന്നാൽ, തീരുമാനങ്ങളെടുക്കുന്നതിലും നടപ്പാക്കുന്നതിലും വിലയിരുത്തുന്നതിലും ജനങ്ങൾക്ക് സാധ്യമായിടത്തോളം പങ്കാളിത്തം നൽകാനാണ് എൽഡിഎഫ് ശ്രമിക്കുന്നത്. മാധ്യമപ്രവർത്തകർക്ക് പരസ്യമായും രഹസ്യമായും പരിശോധന നടത്തുന്നതിനും അനുമതി നൽകിയിട്ടുണ്ട്. സർക്കാർ ഓഫീസുകളിൽ കയറുന്നതിനും അന്വേഷണം നടത്തുന്നതിനും മാധ്യമങ്ങൾക്ക് അവകാശമില്ലാത്ത നാടാണ് നമ്മുടേത്. ജനാധിപത്യ സംവിധാനത്തിൽ മാധ്യമങ്ങൾക്ക് ക്രിയാത്മകമായ ഇടപെടൽ നടത്താൻ കഴിയുമെന്ന തിരിച്ചറിവായിരിക്കും ഈ തീരുമാനത്തിനു പുറകിലുള്ളത്. മാധ്യമങ്ങളിൽ പലതും ഈ ദൗത്യം മറന്ന് മറ്റുപല കാര്യങ്ങളിലുമാണ് അഭിരമിക്കുന്നതെന്നത് വേറെ കാര്യം. ജനകീ

യമായ വിലയരുത്തലിന്റെ ഔദ്യോഗികമായ സംവിധാനം ഒരുക്കിയത് ഏറ്റവും ഭാവനാപൂർണമായ നടപടിയാണെന്ന് മുഖ്യമന്ത്രി വിശേഷിപ്പിച്ചത് അക്ഷരാർഥത്തിൽശരിയാണ്. ഈ സുതാര്യത തന്നെയാണ് ധനവകുപ്പിന്റെ മുഖമുദ്രയും.

ഈ പദ്ധതി അട്ടിമറിക്കുന്നതിന് വിവിധ കോണുകളിൽനിന്നും ശ്രമം ഉണ്ടാകുമെന്ന കാര്യത്തിൽ സംശയിക്കേണ്ടതില്ല. വ്യാപാരികൾ മഹാഭൂരിപക്ഷവും ഈ പദ്ധതിക്ക് അനുകൂലമാണ്. അവരെ ദ്രോഹിക്കുന്ന ഉദ്യോഗസ്ഥ സംവിധാനത്തെമാത്രമാണ് എതിർക്കുന്നത്. എന്നാൽ, നികുതിവെട്ടിപ്പുകാരായ ചെറുവിഭാഗവും മാഫിയാസംഘവും ഉദ്യോഗസ്ഥരിൽ ഒരു ന്യൂനപക്ഷവും ഇതിനെതിരെ നിലപാട് എടുക്കുമെന്ന് മുൻകൂട്ടി കാണാനും അതതുസമയത്ത് ഇടപെടൽ നടത്താനും ധനവകുപ്പിനു കഴിയണം. ഇതു വിജയകരമായി നടപ്പാക്കുന്നതിന് ജനങ്ങൾ ഒറ്റക്കെട്ടായി രംഗത്തിറങ്ങേണ്ടതുണ്ട്.

# 4 മംഗളം

**മംഗളം, 2007 ആഗസ്ത് 22**

## മഹാബലിയെ വരവേൽക്കാൻ ധനമന്ത്രി പോകുമോ?

മഹാബലയെ വരവേൽക്കാൻ ധനകാര്യമന്ത്രിപോകുമോ? അതിശയകരമായ ഈ ചോദ്യം ഒരു കുസൃതി നിറഞ്ഞതായിരിക്കാം. സത്യം പറയട്ടെ. അദ്ദേഹത്തിന്റെ ഭവാളയാർമോഡൽ നല്ലപോലെ ക്ലിക്ക് ചെയ്യുന്നു.

കുപ്രസിദ്ധിയ്ക്കു പേരുകേട്ട വാളയാർ ചെക്ക്പോസ്റ്റിലേക്ക് സ്ഥലമാറ്റ അപേക്ഷകളും ശിപാർശകളുമായി ഉദ്യോഗസ്ഥരും അവരുടെ ആശ്രിതരും ഇനി മന്ത്രിയെ ശല്യപ്പെടുത്തുമെന്ന് തോന്നുന്നില്ല. ചെക്ക്പോസ്റ്റ് പരിഷ്ക്കരണ പാതയിൽ ഇടതുപക്ഷ ഗവൺമെന്റിന് ഒരു മുതൽകൂട്ടായി മാറാൻ പോകുന്നു - വാളയാർ. കള്ളവും ചതിയുമില്ലാത്ത ഒരു മാവേലി ഭരണസങ്കൽപ്പംപോലെ. മന്ത്രിക്ക് അദ്ദേഹത്തിന്റെ അറിവിൽനിന്നു ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ നിലവിലുള്ള ആചാരക്രമങ്ങളിലെ അഴിമതിക്ക് ഒരു പൊളിച്ചടുക്കു നടത്തിക്കൊണ്ടിരിക്കുന്നു.

ചെക്ക്പോസ്റ്റിലെത്തുന്ന വാഹനങ്ങളുടെ എല്ലാ വിവരങ്ങളും തിരുവനന്തപുരം ൾപ്പെടെയുള്ള എല്ലാ ബന്ധപ്പെട്ട ഓഫീസുകളിലും ലഭിച്ചുതുടങ്ങി. അതിനുള്ള ഓൺലൈൻ സംവിധാനം നിലവിൽ വന്നു കഴിഞ്ഞു. കൃത്യമായ കണക്കുകൾ അപ്പോൾ ഇതിലൂടെ ലഭിക്കും. ഈ നടപടിമൂലം നികുതി വരുമാനം വർധിക്കും. സംതിംഗ് കൊടുക്കുന്നവരെ കയ്യോടെ പിടികൂടൻ ഒരു ഡി.വൈ.എസ്.പിയുടെ നേതൃത്വത്തിൽ 75 പോലീസുകാരെ സ്ഥിരമായി നിയോഗിച്ചിട്ടുണ്ട്. 2006 മെയ് 18ന് ശേഷമുള്ള ഭരണസംവിധാനത്തിൽ ധനകാര്യവകുപ്പ് ഖജനാവിനുള്ള ഭാരം വർധിച്ചിട്ടുള്ളതായി നിഷ്പക്ഷമതികൾപോലും സമ്മതിക്കുന്നു. ലോട്ടറി അഴിമതികൾക്ക് കൂട്ടുനിന്നു. പാർട്ടിക്ക് കോടികൾ ഉണ്ടാക്കാൻ കൂട്ടുനിന്നു. അടിസ്ഥാനമില്ലാത്ത ഇത്തരം ഹിറ്റ്ലർ മോഡൽ ആരോപണങ്ങൾ ദോഷൈകദൃക്കുകൾ ആരോപിക്കുമ്പോഴും താടിയിലെ രോമങ്ങൾ നന്നായി തടവിക്കൊണ്ട് ഈ ആക്ഷേപഹാസ്യം മന്ത്രി ആസ്വദിക്കുന്നു എന്നതാണ് അദ്ദേഹത്തിന്റെ ഭരണനൈപുണ്യത്തിന്റെ പ്രസക്തി. ആൾസഞ്ചാരമുള്ള തലയിലുദിച്ചജനക്ഷേമ നവീകരണ പ്രവർത്തനങ്ങൾ അനുസ്യൂതം തുടരുമ്പോഴും ഭരണത്തിലെ അദ്ദേഹത്തിന്റെ സ്വാർത്ഥമോഹദുഃഖം വർധിക്കുകയാണ്.

സർക്കാർ ഖജനാവിന്റെ ഭാരം ഇതുപോര ഇന യുമിനിയും വേണം. കള്ളവും ചതിയുമി ല്ലാത്ത മഹാബലി വാണിരുന്നതുപോലെ യൊരു സോഷ്യലിസ്റ്റ് ഭരണം വരണം.

പുതിയ ഭരണ പരിഷ്ക്കാരങ്ങൾക്ക് ഫലം ലഭിച്ചുതുടങ്ങി. നികുതി വരുമാനം വർധിച്ചു. വാണിജ്യ നികുതി ചെക്ക്പോസ്റ്റിൽ ഓൺലൈൻ സംവിധാനം വന്നതോടെ കൗണ്ടറുകളിലെ തിരക്ക് കുറഞ്ഞു. ആർ.ടി. ഒ, സെയിൽസ് ടാക്സ് ചെക്ക്പോസ്റ്റുകളിലെ ഭമാമൂൽ കാർ ഇതോടെ നോക്കുകുത്തിക ളായി മാറി. ചരക്കുഗതാഗതം സുഗമമായി.

മണിക്കൂറുകൾ നീണ്ട വാഹന നിരകളി പ്പോഴില്ല. ഗതാഗതം സുഗമമായി. കമ്പ്യൂട്ടർവ ത്ക്കരണം പൂർണമാകുന്നതോടെ ഇന്നുള്ള തിനേക്കാൾ പുരോഗതി കൈവരിക്കാനാകു മെന്നാണ് അധികൃതരുടെ അഭിപ്രായം. ധന കാര്യ വകുപ്പു മന്ത്രിയുടെ ഈ പുതുപുത്തൻ ഭരത്തിന്റെ ഭാഗമായി വാണിജ്യ നികുതിവകുപ്പ് മുൻകൂട്ടി നടത്തിയ പാല ക്കാട് ഗ്യാപ്പ് ഓപ്പറേഷൻ വിജയകരമായി. പരീക്ഷണാർത്ഥമുള്ള അവരുടെ 4 ദിവ സത്തെ കർശന പരിശോധനകളുടെ ഫല മായി മന്ത്രിയുടെ മനസ്സിലുണ്ടായിരുന്ന ധാര ണകൾ സത്യമെന്നു തളിഞ്ഞു. ഈ നടപടി യിലൂടെ 10 ശതമാനംകൂടി വർധിച്ചു. വാള യാർ ചെക്ക്പോസ്റ്റിലെ അഴിമതി കുംബകോ ണത്തിനറുതി വരുത്തുവാൻ മന്ത്രി തന്നെ അരയും തലയും മുറുക്കി രംഗത്തുവന്നു. സത്യന്ധരായ വാണിജ്യനികുതി ഉദ്യോഗ സ്ഥരെ പ്രമുഖ സ്ഥാനങ്ങളിൽ നിയോഗിച്ചു. ഇതിലൂടെ വൻപിച്ച മാറ്റങ്ങളുണ്ടായി. നികതി വരുമാനത്തിലെ വർദ്ധനവു മനസ്സിലാക്കാൻ ഒരു മാസംകൂടി കാത്തിരിക്കേണ്ടിവരുമത്രേ. ഓൺലൈൻ സംവിധാനത്തിലൂടെ ചരക്കു നീക്കം വേഗത്തിലാക്കാനും കള്ളക്കടത്തു പിടിക്കാനും പുതിയ സംവിധാനത്തിലൂടെ കഴിഞ്ഞിട്ടുണ്ട്. ഇതൊരു ചില്ലറ കാര്യമല്ല. വാളയാർ ചെക്ക്പസ്റ്റിലെ ഭാവി പരിപാടിക ളെപ്പറ്റി ധനകാര്യവകുപ്പു മന്ത്രി ഇപ്രകാരം പറഞ്ഞു: മൂന്നുവർഷംകൊണ്ട് ചെക്ക്പോസ്റ്റ് പ്ലാസ.

ഒരു വർഷത്തിനുള്ളിൽ ആധുനികവത്ക്ക രണം, ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടു ത്തൽ, നടപടി ക്രമങ്ങളുടെ ചിട്ടപ്പെടുത്തൽ, ജീവനക്കാരുടെ പുതിയ ടീം. സുതാര്യത (സോഷ്യൽ ആഡിറ്റ്) സുശക്തമായ പോലീസ് ബന്തവസ്സ്, ഒരു വർഷത്തിനു ശേഷം വാളയാറിൽ അഞ്ച് വേ ബ്രിഡ്ജുകൾ കംപ്യൂട്ടറുകൾ ഉപയോഗിച്ച് നടപടി ക്രമ ങ്ങൾ ലഘൂകരിക്കൽ, പുതിയ ട്രാക്കുകൾ, പുതിയ തസ്തികകൾ.

മൂന്നുവർഷത്തിനുശേഷം കൂടുതൽ സ്ഥലമെടുത്തുകൊണ്ടുള്ള വികനം, ഓൺലൈൻ സ്കനിംഗ്, രേഖകളടെ ഏക ജാലക പരിശോധനയും നികുതി പിരിവും, ഫലപ്രദമായ മോണിറ്ററിംഗ്, സർവെയൻസ് ആൻര് നെറ്റ് വർക്കിംഗ്, മെച്ചപ്പെട്ട അടി സ്ഥാന സൗകര്യങ്ങൾ, ഓഫീസ് അതിഥി മുറി, താമസ സൗകര്യം എന്നിവയാണ് ലക്ഷ്യമിടുന്നതെന്നും മന്ത്രി മംഗളത്തോട് പറഞ്ഞു. ധനകാര്യവകുപ്പിൽ തോമസ് ഐസക്കിന്റെ സാമ്പത്തിക വിദഗ്ധ ടച്ച് രൂപ പ്പെട്ടു തുടങ്ങി. ചരിത്രതാളുകളിൽ സ്ഥാനം പിടിക്കത്തക്ക രീതിയിലുള്ള ഗതിവേഗത്തിൽ അത് മുന്നേറുന്നു. നികുതി പിരിവിൽ ആരോടും മന്ത്രിക്ക് മയമില്ല. എന്നാൽ വിട്ടു വീഴ്ചകൾക്ക് വിധേയനാണുതാനും - ഖജ നാവിലേക്കുള്ള നികുതി സത്യസന്ധമായി നിറവേറ്റുന്നവരോട്. മസിലുപിടിച്ചാൽ മനസു മാറില്ല. ഒരിക്കൽ സ്വർണ വ്യാപാര പ്രതിനിധി സംഘത്തിന്റെ പരാതികൾ കേട്ടശേഷം അദ്ദേ ഹത്തിന്റെ പ്രതികരണമിങ്ങനെയയിരുന്നു. (മന്ത്രി മന്ത്രാലയത്തിൽവെച്ച് ഈ ലേകകന് ബോധ്യമായ കാര്യം) കഴിഞ്ഞ തവണ നൽകിയ നികുതിയേക്കാൾ എത്ര ശതമനം കൂടുതൽ നൽകു? പറയൂ. വിട്ടുവീഴ്ചകൾ ചെയ്യാം. ഇല്ലെങ്കിൽ ചട്ടപ്രകാരം തന്നെ കാര്യങ്ങൾ നീങ്ങട്ടെ. ധനകാര്യ വകുപ്പു മന്ത്രി ഡോ.തോമസ് ഐസക്കിന്റെ പുതിയ ഭരണശൈലിയുടെ ഫലമായി ഖജനാവ് ചോർച്ച കുറഞ്ഞു. അതിപ്പോൾ നിറയുന്ന തായി കണക്കുകൾ സൂചിപ്പിക്കുന്നു.